


# ചലിക്കുന്ന ദൈവാലയം

ലൂക്കാ 24: 44 – 53; ഉൽപ. 28: 10 – 19; മിക്കാ 4: 1 – 5; 1 പത്രോ. 1: 3 – 9

ബ്ര. റിൻസ് കെ. ജോസഫ് MCBS

Vol. 12, Issue: 55

**ഈ**ശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ,

സ്നേഹത്തിന് കുരിശോളം അർത്ഥമുണ്ടെന്ന് കാണിച്ചുതന്ന് മരണത്തെ ജയിച്ചടക്കി മൂന്നാം നാൾ മഹിമയോടെ ഉത്ഥാനം ചെയ്ത മിശിഹായുടെ വിജയത്തിന്റെ ഓർമ്മയിലൂടെ കടന്ന് ഉയിർപ്പുകാലത്തിന്റെ അവസാന ആഴ്ചയിൽ നാം എത്തിനിൽക്കുകയാണ്. ഈ ഉത്ഥാനാനുഭവത്തിലൂടെ അവനോടുകൂടെ ആയിരിക്കാനും അവനു വേണ്ടി അയയ്ക്കപ്പെടാനുമുള്ള ഒരു പ്രേഷിതദൗത്യം നാം ഏറ്റെടുക്കുകയാണ്. കണ്ടും കേട്ടും തൊട്ടും അനുഭവിച്ചറിഞ്ഞ മിശിഹായെ ഹൃദയങ്ങളിൽ നിന്നും ഹൃദയങ്ങളിലേക്ക് പകർന്നുകൊടുക്കാൻ വെമ്പൽ കൊള്ളുന്ന, അതിനുവേണ്ടി പ്രാർത്ഥിച്ചു കാത്തിരിക്കുന്ന ഒരു ശിഷ്യസമൂഹത്തെയാണ് ഇന്നത്തെ സുവിശേഷത്തിന്റെ അവസാനഭാഗത്ത് നാം കാണുന്നത്.

ലൂക്കാ സുവിശേഷകൻ തന്റെ സുവിശേഷം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: "അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാസമയവും ദൈവാലയത്തിൽ കഴിച്ചുകൂട്ടി." ദൈവസാന്നിധ്യമുള്ള ഇടമാണ് ദൈവാലയം അഥവാ ദൈവസാന്നിധ്യം എവിടെയോ അവിടം ദൈവാലയമായി മാറുകയാണ്. ഇത്തരത്തിൽ ദൈവസാന്നിധ്യം കൊണ്ട് ദൈവാലയമായി മാറുന്ന ഒരു സ്ഥലത്തെക്കുറിച്ച് ഇന്നത്തെ ഒന്നാം വായനയിൽ ഉൽപ. 28-ൽ നാം കാണുകയുണ്ടായി. അബ്രാഹത്തിനും ഇസഹാക്കിനും എന്നപോലെ തനിക്കും പ്രത്യക്ഷനായ ദൈവത്തെ യാക്കോബ് ദർശിക്കുന്നതും ആ സ്ഥലത്തിന് 'ബെഥേൽ' എന്ന് പേര് നൽകുകയും ചെയ്യുന്നതാണ് പശ്ചാത്തലം. 'ബെഥേൽ' എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'ദൈവത്തിന്റെ ഭവനം' എന്നാണ്. വീണ്ടും രണ്ടാം വായനയിൽ മിക്കാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും നാം വായിച്ചുകേട്ടു: "വരുവിൻ, നമുക്ക് കർത്താവിന്റെ ഗിരിയിലേക്ക്, യാക്കോബിന്റെ ദൈവത്തിന്റെ ഭവനത്തിലേക്കു പോ

കാം.'' ഇവിടെ ദൈവഭവനത്തിൽ പ്രവേശിക്കാനുള്ള ഒരു ഭക്തന്റെ അഭിനിവേശമാണ് വ്യക്തമാക്കപ്പെടുന്നത്.

സുവിശേഷത്തിൽ ശിഷ്യന്മാർ ദൈവാലയത്തിൽ ഒത്തുചേർന്നു എന്നു പറയുമ്പോൾ ഇവിടെ അർത്ഥമാക്കുന്നത്, ജെറുസലേം ദൈവാലയമല്ല മറിച്ച് അവർ എവിടെ പ്രാർത്ഥിക്കാൻ ഒത്തുകൂടിയോ അവിടം ദൈവാലയമായി മാറുകയായിരുന്നു. പ്രാർത്ഥനയാൽ കാത്തിരുന്ന അവർക്ക് ഒരു വാഗ്ദാനപൂർത്തീകരണത്തിന്റെ പ്രതീക്ഷയുണ്ടായിരുന്നു. ഒരു പെന്തക്കുസ്താ അനുഭവത്തിനായി അവർ കാത്തിരുന്നത് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനാണ്. ലൂക്കാ 24:47-ൽ പറയുന്നു: ''പാപമോചനത്തിന്റെ അനുതാപം ജെറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളിലും പ്രഘോഷിക്കപ്പെടണം.'' ഇത് ഒരു പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു. മിക്കാ പ്രവാചകന്റെ പുസ്തകം 4-ാം അദ്ധ്യായം 2-ാം വാക്യത്തിൽ നാം കാണുന്നു: ''സീയോനിൽ നിന്നു നിയമവും ജെറുസലേമിൽ നിന്ന് കർത്താവിന്റെ വചനവും പുറപ്പെടും.'' ഇത് നിറവേറാനാണ് അവർ ഉന്നതത്തിൽ നിന്നുള്ള ശക്തിക്കായി സദാ പ്രാർത്ഥനയിലായിരുന്നത്.

ലൂക്കാ 24-44 ൽ ഇപ്രകാരം പറയുന്നു: ''അവൻ അവരോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു.'' മോശയുടെ നിയമം, പ്രവാചകന്മാർ, സങ്കീർത്തനങ്ങൾ ഇവ കൂടി ചേരുന്നതാണ് പഴയനിയമം.

പഴയനിയമത്തിൽ രക്ഷകനു വേണ്ടി കാത്തിരിക്കുന്ന ഒരു ജനത്തെ നാം കണ്ടുമുട്ടുന്നുണ്ട്. ആ രക്ഷ പൂർത്തിയാക്കപ്പെടുന്നത് പുതിയനിയമത്തിലാണ്. ഈ സത്യം പ്രഘോഷിക്കാനാണ് മിശിഹാ അവരെ ഭരമേൽപിക്കുന്നത്. സഭാപിതാവായ വി. അഗസ്തീനോസ് പറയുന്നത് ഇപ്രകാരമാണ്: ''പുതിയനിയമത്തിൽ പഴയനിയമം വെളിവാക്കപ്പെടുന്നു. പഴയനിയമത്തിൽ പുതിയനിയമം മറഞ്ഞിരിക്കുന്നു.'' ഈയൊരു കാഴ്ച്ചപ്പാടിലേക്കാ ണ് സഭ നമ്മെയും ഇന്ന് ക്ഷണിക്കുന്നത്.

ഉയിർപ്പുകാലത്തിന്റെ അവസാന ആഴ്ചയിലേക്കു പ്രവേശിക്കുന്ന നമുക്കായി സഭ നൽകിയിരിക്കുന്നത് വളരെ മനോഹരമായ സന്ദേശങ്ങളാണ്. മിശിഹായിൽ കേന്ദ്രീകൃതമായ ഒരു ജീവിതം കെട്ടിപ്പടുത്ത് പരിശുദ്ധാത്മാവിന്റെ ഫലദാനങ്ങൾക്കായി പ്രാർത്ഥിച്ച്, ദൈവസാന്നിധ്യസ്മരണയിൽ ആയിരിക്കാനാണ് സഭ നമ്മെ ഇന്ന് വിളിക്കുന്നത്. ദൈവത്തെ നോക്കി ജീവിക്കുന്നവനിൽ മാനവികതയുടെ പുത്തൻ അധ്യായങ്ങൾ തുറക്കപ്പെടും. അപരനിൽ ദൈവത്തെ തിരിച്ചറിയാൻ അവന്/ അവൾക്ക് സാധിക്കും.

കൂടെ ആയിരിക്കാൻ കുർബാനയായി നിത്യസാന്നിധ്യമായി മാറിയവന്റെ സ്വർഗീയവിരുന്നിൽ നാം ആയിരിക്കുമ്പോൾ പൂർവ്വപിതാവായ യാക്കോബിനെപ്പോലെ ദൈവത്തെ പരിശുദ്ധ കുർബാനയിൽ മുഖാമുഖം കാണാൻ നമുക്ക് സാധിക്കണം. ദിവ്യകാരുണ്യമായി മാറുന്ന ആ ദൈവസാന്നിധ്യത്തെ സ്വീകരിക്കുന്ന നമ്മൾ ഓരോരുത്തരും ഹൃദയങ്ങൾ സക്രാരികളാക്കിയ ദേവാലയങ്ങളായി മാറുകയാണെന്ന സത്യം മറക്കാതിരിക്കാം. ഈ വിശുദ്ധ ബലി മധ്യേ ആയിരിക്കുമ്പോൾ ഒരു നിമിഷം കണ്ണുകളടച്ച് ആത്മാർത്ഥമായി പ്രാർത്ഥിക്കാം, ദൈവമേ, ദിവ്യകാരുണ്യത്തിൽ നിന്റെ സാന്നിധ്യം അനുഭവിക്കാൻ തക്ക വിശ്വാസം ഞങ്ങൾക്ക് തരേണമേ. നിന്നിലുള്ള പ്രത്യാശയിൽ ഞങ്ങളെ വളർത്തണമേ. ചുറ്റുമുള്ളവരിൽ നിന്നെ കാണാനുള്ള സ്നേഹാർദ്രത ഞങ്ങളിൽ ഉണർത്തേണമേ. അങ്ങനെ ഞങ്ങൾ ചലിക്കുന്ന ദൈവാലയങ്ങളായി മാറാൻ കനിയണമേ.

സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.